സ്പോർട്സ് കോംപ്ലക്സ്

*219 [355] ശ്രീ. എം. എം. ഹസ്സൻ:
,, ജി. കാർത്തികേയൻ:
,, കെ. കെ. ശ്രീനിവാസൻ:
,, തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാനുള്ള തീരുമാനം നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സ്പോർട്സ് കോംപ്ലക്സ് (പരിശീലന കേന്ദ്രം) തിരുവനന്തപുരത്ത് കാര്യവട്ടത്തു സ്ഥാപിക്കുന്നതിനാവശ്യമായ 50 ഏക്കർ സ്ഥലം കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും ഏറെടുക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ കോംപ്ലക്സ് നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ഗവൺമെൻറ് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: സ്പോർട്സ് കോംപ്ലക്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെൻറ് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ? ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെൻറിൽനിന്ന് എന്തെങ്കിലും സഹായം ലഭ്യമാകുമോ? ലഭിക്കുമെങ്കിൽ ഏതളവിൽ ഏതു രൂപത്തിലുള്ള സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെൻറ് സഹായം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിശദമായ റിപ്പോർട്ട് വീണ്ടും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ റിപ്പോർട്ട് കമ്മിറ്റി ഉണ്ടാക്കിത്തരുന്ന മുറയ്ക്ക് കേന്ദ്രഗവൺമെൻറിൽ സമർപ്പിച്ച് അവരുടെ സഹായത്തിനു ആവശ്യപ്പെടാവുന്നതാണ്. കേരളത്തിലാണെങ്കിൽ ഇത് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ വന്നതാണ്. അതുകൊണ്ട് ബഡ്ജറ്റിലെ തുകയുടെ കാര്യത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടേണ്ട കാര്യമില്ല.

ശ്രീ. എം. എം. ഹസ്സൻ: യൂണിവേഴ്സിറ്റി സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിൽ അഡ്വാൻസ് പൊസഷൻ നൽകി, സ്പോർട്സ് കോംപ്ലക്സിനുവേണ്ടി രൂപീകൃതമായിട്ടുള്ള സമിതിയുടെ ചുമതലയിൽ കൊണ്ടുവന്നു അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എത്രയും വേഗം നടത്തുന്നതിന് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കാൻ ബന്ധപ്പെട്ട അധികൃതർക്ക് ഗവൺമെൻറ് നിർദ്ദേശം നൽകുമോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: ഈ സ്ഥലം അഡ്വാൻസ് പൊസഷനിൽ എടുക്കുന്നതിൽ ഇപ്പോൾ യൂണിവേഴ്സിറ്റിക്ക് പ്രയാസം ഉണ്ടാകുമെന്ന് തോന്നുന്നില്ല. നേരത്തെ തടസ്സമായിട്ടുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം സൗജന്യമായി സ്ഥലം തരണമെന്നുള്ളതായിരുന്നു. അത് ഇപ്പോൾ മാറി. അവർക്ക് കാശ് കൊടുക്കാമെന്നുവന്നു. അതു കൊണ്ട് അഡ്വാൻസ് പൊസഷനായിട്ട് സ്ഥലം എടുക്കുന്നതിൽ വിഷമം ഉണ്ടാകുന്നില്ല. അതിനുവേണ്ടിയാണ് ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: ഏതു തുടങ്ങുന്നതിനും സാമ്പത്തിക പരാധീനതയാണ് പ്രശ്നം. സ്പോർട്സ് കോംപ്ലക്സ് തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികളാരംഭിച്ചുവെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. തിരുവനന്തപുരത്തുതന്നെ ലക്ഷ്മീഭായി മെമ്മോറിയൽ ഫിസിക്കൽ ട്രെയിനിംഗ് കോളേജ് എന്നൊരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. ഇത് രണ്ടിനേറെയും പ്രവർത്തനങ്ങൾ തമ്മിൽ എന്തെങ്കിലും ഏകീകൃത സ്വഭാവമുണ്ടോ? സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ രണ്ടു തരത്തിലുള്ള പ്രവർത്തനം സ്പോർട്സ് കോംപ്ലക്സിന്റെ ആരംഭത്തേയും അതിന്റെ പുരോഗതിയേയും ബാധിക്കുകയില്ലേ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതു രണ്ടും തമ്മിൽ ഒരു പ്രശ്നമുണ്ടാകേണ്ട കാര്യമില്ല. വ്യത്യസ്ത സമ്പ്രദായത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. സാമ്പത്തികമായിട്ടുള്ള പ്രശ്നങ്ങളും ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തടസ്സമായി നിൽക്കേണ്ട കാര്യമില്ല. വിശദമായ പരിപാടികൾക്ക് രൂപം നൽകുന്ന മുറയ്ക്ക് അതിന്റെ സാമ്പത്തികമായ ശേഷിയുണ്ടാക്കാൻ കഴിയും. ക്രമത്തിൽ മാത്രമേ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുള്ളൂ. ഈ അവസരത്തിൽ ഇതു പ്രതിബന്ധമായി നിൽക്കുന്നില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഇതിനുമുമ്പ് ഈ സഭയിൽ പറഞ്ഞിരുന്നത് സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് സൗജന്യമായി ഭൂമി തിരുവനന്തപുരത്തു നൽകാമെന്നു സമ്മതിച്ചിട്ടുള്ളതു കൊണ്ട് എറണാകുളം പോലെയുള്ള മറ്റ് സ്ഥലങ്ങളുടെ അവകാശവാദങ്ങൾ മാറ്റിവച്ചുകൊണ്ട് തിരുവനന്തപുരത്തുതന്നെ അതു സ്ഥാപിക്കാൻ തീരുമാനിച്ചുവെന്നാണ്. ഇപ്പോൾ ഭൂമി വിലയ്ക്കെടുക്കാൻ തീരുമാനിച്ചതായി മന്ത്രി മറുപടി പറഞ്ഞതിൽനിന്നു വ്യക്തമായിട്ടുണ്ട്. കേരളത്തിന്റെ മദ്ധ്യഭാഗമായ എറണാകുളം പോലെയുള്ള സ്ഥലങ്ങളിൽ ഇത്തരം ഒരു കോംപ്ലക്സ് മനപ്പൂർവ്വമായി കൊടുക്കാതിരിക്കാൻവേണ്ടി സൗജന്യമായി ഭൂമി കിട്ടിയെന്നൊരു വാദം അന്നു പറഞ്ഞു. അതു നൽകുകയും പിന്നീട് ഇപ്പോൾ പണം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തത് വിവേചനപരമല്ലേ? അതുകൊണ്ട് എറണാകുളത്തും ഇതുപോലെയൊരു കോംപ്ലക്സും സ്റ്റേഡിയവും പണിയുന്നതിനായി എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങനെ ഒഴിഞ്ഞുമാറാൻ വേണ്ടിയല്ല. ആദ്യം അവരോട് സ്ഥലം സൗജന്യമായി നൽകണമെന്നാവശ്യപ്പെട്ടു. സ്ഥലം സൗജന്യമായിത്തരാൻ ബുദ്ധിമുട്ടുണ്ടെന്ന് അവർ ഗവൺമെന്റിനെ അറിയിച്ചു. എറണാകുളത്തു സ്ഥാപിക്കാനുദ്ദേശിക്കുന്ന അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയത്തിന് ഇതുമൂലം യാതൊരു തടസ്സവുമുണ്ടാകുന്നില്ല. അതു നിർമ്മിക്കുന്നതിനുള്ള സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

നോക്കുന്നതിനുവേണ്ടി ഞാൻതന്നെ ഈയിടെ കലക്ടറുമായിട്ട് നേരിട്ട് സംസാരിച്ചിട്ടുണ്ട്. സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്റ്റേഡിയം അവിടെയും വരും. ഇത് ഇവിടെയും വരും.

ശ്രീ. വി. സി. കബീർ: തിരുവനന്തപുരത്തു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ തിരുമാനിച്ചിരിക്കുകയാണല്ലോ. വളരെ കാലമായി കോഴിക്കോട്ട് ഒരു സ്പോർട്സ് കോംപ്ലക്സ് ആവശ്യമാണെന്നു പറഞ്ഞു പ്രക്ഷോഭം തന്നെ നടന്നിട്ടുണ്ട്. ശ്രീ. എ.സി. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ ഏർപ്പാടാണ്. ഈ സാഹചര്യത്തിൽ കോഴിക്കോട്ട് ഒരു സബ് കോംപ്ലക്സ് എങ്കിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതു സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റിനു ഒരു കത്തു കൂടി അവസാനമായിട്ട് അയച്ചിട്ടുണ്ട്. പാട്യാല എൻ. ഐ. എസ്.ന്റെ നേതൃത്വത്തിലുള്ള ഒരു ഘടകം മലബാറിൽ സ്ഥാപിക്കുന്നതിനു അനുവാദം തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവരെ അറിയിച്ചിട്ടുണ്ട്. തീർച്ചയായും അത് മലബാറിൽ അനുവദിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥലത്തെപ്പറ്റി ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീ. കെ. പങ്കജാക്ഷൻ: തിരുവനന്തപുരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കോംപ്ലക്സ് സിന്തറിക്ക് ട്രാക് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയതാണോ അതോ ആധുനിക സൗകര്യങ്ങളില്ലാത്ത സ്റ്റേഡിയം കോംപ്ലക്സ് ആയിട്ടാണോ ഉണ്ടാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: പൂർണ്ണമായും ആധുനിക സംവിധാനത്തോടുകൂടി ഒരു സിന്തറിക് ട്രാക് ഈ കോംപ്ലക്സിനോട് അനുബന്ധിച്ചുതന്നെ സ്ഥാപിക്കണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ജി. വരദൻ: மூணாறில் ஒரு விளையாட்டு மைதானம் உள்ளது. அது மிகவும் அழகான மைதானம். பத்து இருபது ஏக்கர் இடம் சர்க்கார் கையில் இருக்கிறது. அங்கு ஒரு ஸ்போர்ட்ஸ் கோம்பளக்ஸ் ஸ்தாபிக்க சர்க்கார் முன் வருமா?

ശ്രീ. കെ. പി. നൂറുദ്ദീൻ: മൂന്നാറിൽ ചില പ്രത്യേക കാലാവസ്ഥയിൽ നമ്മുടെ താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനത്തിന് രൂപം നൽകിവരികയാണ്. ജില്ലാകലക്ടർ അതു സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. സിറിയക് ജോൺ: സ്പോർട്സ് കോംപ്ലക്സിനു സ്ഥലം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് മനസ്സിലാകുന്നില്ല. അത് വെളിപ്പെടുത്തിയാൽ തരക്കേടില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ പ്രസ്താവിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. മലബാർ പ്രദേശത്തായിരിക്കും ഈ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുക എന്ന്. കോഴിക്കോട്ട് ഇതിനാവശ്യമായിട്ടുള്ള 50 ഏക്കർ സ്ഥലം സൗജന്യ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടു തന്നെ കിട്ടുന്നതിനുവേണ്ടി ഗവൺമെൻറിന് വല്ല ഓഫറും കിട്ടിയിട്ടുണ്ടോ? ആ സ്ഥലം പരിശോധിച്ചിട്ടുണ്ടോ? ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും നമ്മുടെ രാഷ്ട്രത്തിന് വലിയ ബഹുമതികളും നേടിത്തന്നിട്ടുള്ള പി. ടി. ഉഷയും, എം. ഡി. വൽസമ്മയും ഉൾപ്പെടെയുള്ളവർ മലബാർ പ്രദേശത്തുകാരാണ് എന്നുള്ളത് കണക്കിലെടുത്തുകൊണ്ടെങ്കിലും ആ സ്പോർട്സ് കോംപ്ലക്സ് കോഴിക്കോട് സ്ഥാപിക്കാതെ തിരുവനന്തപുരത്തു സ്ഥാപിച്ചതിൻെറ പിന്നിലുള്ള വിവേചനപരമായ നിലപാടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിൽ വിവേചനപരമായ പ്രശ്നങ്ങളില്ല. കോഴിക്കോട് ഇതിന് ആവശ്യമായിട്ടുള്ള സ്ഥലം തരാമെന്ന് സമ്മതിച്ചിട്ടുണ്ടായിരുന്നു. മറ്റു ചില സൗകര്യങ്ങൾകൂടി ഇതിന് പരിഗണിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല ഇതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലും സ്ഥലം കിട്ടുമെങ്കിൽ തിരുവനന്തപുരത്തും മറ്റേത് എറണാകുളത്തുമായിരിക്കണമെന്ന് ചെറിയൊരു നിർദ്ദേശം വച്ചിരുന്നു. അതല്ലാതെ ഇതിനകത്തു മറ്റു പ്രശ്നങ്ങളില്ല.

പഞ്ചസാര ഫാക്ടറികൾക്ക് ആവശ്യമുള്ള കരിമ്പ്

*220 [356] ശ്രീ. ഇ. പത്മനാഭൻ:
,, വി. കേശവൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. ആറുമുഖൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള പഞ്ചസാര ഫാക്ടറികളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗിക്കുവാൻ എത്ര ടൺ കരിമ്പ് ആവശ്യമാണ്;

(ബി) ഇതിൽ കേരളത്തിൽ എത്ര ടൺ ഉല്പാദിപ്പിക്കുന്നുണ്ട്;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്ര ടൺ കരിമ്പ് ലഭിക്കുന്നുണ്ട്;

(ഡി) കേരളത്തിലെ ഫാക്ടറികളിലെ ആവശ്യത്തിനുവേണ്ട കരിമ്പ് ഉല്പാദിപ്പിക്കുവാൻ എന്തെങ്കിലും പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) 9.60 ലക്ഷം ടൺ.

(ബി) 1985-86 സീസണിൽ ആകെ 4,75,235 മെട്രിക് ടൺ കരിമ്പ് ഉല്പാദിപ്പിച്ചിട്ടുണ്ട്.

(സി) 31.788 ടൺ.

LIBRARY ARCHIVES Kerala Legislative Assembly